**പതിമൂന്നാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3964 — 26.06.2013-ൽ മറുപടിയ്ക്ക്

**കൊതുക് നിവാരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഓടകളിൽ കൊതുകുകൾ പെറ്റുപെരുകുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (എ)&(ബി) ഓടകളിലും അതുപോലുള്ള മറ്റു മലിന ജലശേഖരങ്ങളിലും ക്യൂലക്സ് കൊതുകുകളാണ് വളരുന്നത്. മന്തുരോഗം കൂടുതലായുള്ള സ്ഥലങ്ങളിൽ ക്യൂലക്സ് കൊതുകുകളെ നശിപ്പിക്കുവാനായി ഓടകളിലും മറ്റു മലിന ജലശേഖരങ്ങളിലും കൂത്താടി നാശിനി തളിക്കാറുണ്ട്. റോഡിനു വശങ്ങളിലുള്ള ഓടകളിൽ വെള്ളം കെട്ടിനിന്ന് കൊതുകു വളരുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിനു കടൽ വെള്ളം ഒഴുക്കി വിടുന്നത് ഒരു മാർഗ്ഗമാണ്. |
| (ബി) ഓടകളിലെ പ്രാണികളെ നശിപ്പിക്കാൻ കടൽ വെള്ളം ഒഴുക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവാദം നൽകുമോ എന്ന് വ്യക്തമാക്കുമോ ? | |

Sd/-

സെക്ഷൻ ഓഫീസർ